ടി.കെ ഉബൈദ്

ഖുർആൻ ബോധനം

**1036**

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 36 – 37

ദൈവികകൽപന പ്രകാരം സൈദ്-സൈനബ് വിവാഹം യാഥാർഥ്യമായെങ്കിലും സൈനബിന്റെ ആഢ്യത്വബോധം ആ ദാമ്പത്യവുമായി ഇണങ്ങിയില്ല. ചിലപ്പോൾ സൈദിനോടുള്ള പെരുമാറ്റത്തിൽ അത് പ്രകടമാവുകയും ചെയ്തു. സൈനബ് തന്നെ തനിക്കിണങ്ങാത്തവനും തന്നിൽ താണവനുമായി കാണുന്നുവെന്നത് സൈദിനെ വല്ലാതെ വേദനിപ്പിച്ചു. അദ്ദേഹം ഇടക്കിടെ നബി(സ)യെ സമീപിച്ച് സൈനബിനെ വിവാഹമോചനം ചെയ്യാനുള്ള ആഗ്രഹമറിയിച്ചു.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

36. അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം വിധിച്ചുകഴിഞ്ഞാൽ പിന്നെ സത്യവിശ്വാസിയും വിശ്വാസിനിയും അക്കാര്യത്തിൽ സ്വതന്ത്രമായ തീരുമാനമെടുക്കാൻ പാടില്ലാത്തതാകുന്നു. അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നവൻ തെളിഞ്ഞ മാർഗഭ്രംശത്തിലകപ്പെട്ടതുതന്നെ.

**36**

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ = ഒരു സത്യവിശ്വാസിക്കും വിശ്വാസിനിക്കും പാടില്ലാത്തതാകുന്നു

إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا = അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം വിധിച്ച(ച്ചുകഴിഞ്ഞ)ാൽ

أَن يَكُونَ لَهُمُ الْخِيَرَةُ = അവർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുക (സ്വതന്ത്രമായ തീരുമാനമെടുക്കാൻ)

مِنْ أَمْرِهِمْ = അവരുടെ (ആ) കാര്യത്തിൽ

وَمَن يَعْصِ اللَّهَ وَرَسُولَهُ = അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നവൻ

فَقَدْ ضَلَّ ضَلَالًا مُّبِينًا = അവൻ തീർച്ചയായും വ്യക്തമായ വഴിപിഴക്കൽ പിഴച്ചിരിക്കുന്നു (മാർഗഭ്രംശത്തിലകപ്പെട്ടതുതന്നെ)

സൂറയുടെ 4-5 സൂക്തങ്ങളിൽ സൂചിപ്പിച്ച സൈദ്-സൈനബ് വിവാഹവും സൈനബ്-പ്രവാചകൻ വിവാഹവും സംബന്ധിച്ച ചർച്ചയിലേക്ക് കടക്കുന്നതിന്റെ ആമുഖമാണീ സൂക്തം. ഏതു കാര്യത്തിലും എല്ലാ സത്യവിശ്വാസികളും നിർബന്ധമായി പുലർത്തേണ്ട മനോഭാവവും നിലപാടും എന്താണെന്നും അതു പുലർത്താതിരിക്കുന്നതിന്റെ പരിണതി എന്താണെന്നും ഉണർത്തിയിരിക്കുകയാണിതിൽ.

مَا كَانَ لَهُ-വിന്റെ ആശയം ഒരിക്കലും ഉചിതമല്ല, ഭൂഷണമല്ല, ചേർന്നതല്ല, ഉണ്ടായിക്കൂടാത്തതാണ് എന്നൊക്കെയാകുന്നു. സ്വയം തീരുമാനിക്കാനും തെരഞ്ഞെടുക്കാനുമുള്ള അവകാശവും സ്വാതന്ത്ര്യവുമാണ് خِيَرَة. മുൻ സൂക്തത്തിലെന്നപോലെ ഇവിടെയും വിശ്വാസികളോടൊപ്പം വിശ്വാസിനി

കളും പ്രത്യേകം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിലും സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസമില്ല എന്ന് ഊന്നിപ്പറയുകയാണ്. إِذَا قَضَى اللَّهُ وَرَسُولُهُ-ന്റെ താൽപര്യം അല്ലാഹു മാത്രം വിധിച്ചാൽ പോരാ റസൂലും വിധിക്കണമെന്നല്ല; റസൂൽ വെളിപ്പെടുത്തുന്ന അല്ലാഹുവിന്റെ വിധി എന്നാണ്. അതായത്, ദൈവിക ശരീഅത്ത് അല്ലാഹുവിന്റെ വിധിയായിട്ടല്ലാതെ റസൂൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളോടും നിർദേശങ്ങളോടും വിയോജിക്കാൻ വിശ്വാസികൾക്ക് സ്വാതന്ത്ര്യമുണ്ട്. പല സന്ദർഭങ്ങളിലും പ്രവാചകന്റെ നിർദേശം കേൾക്കുമ്പോൾ ശിഷ്യന്മാർ അത് അല്ലാഹുവിന്റെ കൽപനയാണോ എന്നു ചോദിക്കാറുണ്ടായിരുന്നു. ആണെന്നു പറഞ്ഞാൽ ചോദ്യം ചെയ്യാതെ അനുസരിക്കും. തന്റെ അഭിപ്രായമാണെന്നു പറഞ്ഞാൽ ചിലർ വിയോജിക്കും. ചിലപ്പോഴൊക്കെ നബി(സ) സ്വാഭിപ്രായം വെടിഞ്ഞ് വിയോജിച്ചവരുടെ അഭിപ്രായം സ്വീകരിക്കാറുമുണ്ട്. നേരത്തേ പരാമർശിച്ച അഹ്സാബ് യുദ്ധ ചരിത്രത്തിൽതന്നെ അതിന് ഉദാഹരണം കാണാം. ഗത്ഫാൻ ഗോത്രത്തിന് കപ്പം കൊടുക്കാൻ സമ്മതിച്ച് അവരെ യുദ്ധത്തിൽനിന്ന് പിന്തിരിപ്പിക്കാമെന്ന പ്രവാചകന്റെ അഭിപ്രായത്തെ അൻസ്വാറുകൾ എതിർക്കുകയായിരുന്നു. എന്നാൽ പ്രവാചകൻ വെളിപ്പെടുത്തുന്ന അല്ലാഹുവിന്റെ വിധികളെ എതിർക്കുകയും സ്വതന്ത്രമായി തീരുമാനമെടുക്കുകയും ചെയ്യുക എന്നത് യഥാർഥ സത്യവിശ്വാസിയിൽനിന്നോ വിശ്വാസിനിയിൽനിന്നോ ഒരിക്കലും ഉണ്ടായിക്കൂടാത്തതാകുന്നു. പ്രവാചകൻ വാചാ കർമണാ വെളിപ്പെടുത്തുന്ന ദൈവിക നിയമങ്ങളാണ് സുന്നത്ത് -പ്രവാചകചര്യ. സ്വന്തം താൽപര്യത്തേക്കാളും അഭിപ്രായത്തേക്കാളും എത്രയോ മുകളിലാണ്, ആയിരിക്കണം പ്രവാചകവിധികൾ. 6-ാം സൂക്തത്തിൽ النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ (സത്യവിശ്വാസികൾക്ക് സ്വന്തം ജീവനേക്കാൾ ഉറ്റവനാകുന്നു പ്രവാചകൻ) എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണിത്. 4:80-ൽ مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (പ്രവാചകനെ അനുസരിച്ചവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു) എന്നും പറഞ്ഞിരിക്കുന്നു. പ്രവാചകനെ അനുസരിക്കാത്തവൻ അല്ലാഹുവിനെ ധിക്കരിച്ചിരിക്കുന്നു എന്നാണല്ലോ അതിന്റെ മറുവശം. അക്കാര്യം വ്യക്തമായി പ്രസ്താവിക്കുകയാണ് ഇവിടെ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا എന്ന വാക്യത്തിലൂടെ. റസൂലിനെ അനുസരിക്കൽ- സുന്നത്ത് പിൻപറ്റൽ -വിശ്വാസികൾക്ക് നിർബന്ധമായ കാര്യമല്ലെങ്കിൽ പ്രവാചകധിക്കാരം -സുന്നത്ത് നിഷേധം- തെളിഞ്ഞ മാർഗഭ്രംശമാകുന്നതെങ്ങനെയാണ്?

വചനതാൽപര്യമിതാണ്: ഒരു വിഷയത്തിൽ അല്ലാഹുവിങ്കൽനിന്നും റസൂലിൽനിന്നും ഒരു വിധി ഉണ്ടായിട്ടുണ്ടെങ്കിൽ പിന്നെ ആ വിഷയത്തിൽ യഥാർഥ സത്യവിശ്വാസികൾക്ക് സ്വന്തമായ അഭിപ്രായമോ തീരുമാനമോ ഉണ്ടാകാൻ പാടില്ലാത്തതാകുന്നു. അവർ അല്ലാഹുവിന്റെ വിധി സ്വീകരിച്ചുകൊള്ളണം. അതിനു തയാറാകാതെ സ്വാഭിപ്രായം അവലംബിക്കുന്നത് അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കലാണ്. അങ്ങനെ ചെയ്യുന്നവർ തെളിഞ്ഞ ദുർമാർഗത്തിലകപ്പെട്ടിരിക്കുന്നു. 4:65-ൽ ഈ ആശയം ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്:

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾

(ഇല്ല, പ്രവാചകാ നിന്റെ നാഥനാണ, അവർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്നെ വിധികർത്താവായി അംഗീകരിക്കുകയും എന്നിട്ട് നീ നൽകിയ വിധിയെ മനഃപ്രയാസമന്യേ പൂർണ സമ്മതത്തോടെ സ്വീകരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാകുന്നില്ല). പ്രവാചകൻ അത് വിശദീകരിച്ചു لا يؤمن أحدكم حتى يكون هواه تبعا لما جئت به (തന്റെ ഇഛ ഞാൻ കൊണ്ടുവന്നിട്ടുള്ളതിനെ പിന്തുടർന്നതാകുന്നതുവരെ നിങ്ങളിലാരും തന്നെ സത്യവിശ്വാസിയാകുന്നില്ല).

സൈദ്-സൈനബ് വിവാഹ പശ്ചാത്തലത്തിൽ ഈ മുഖവുരയുടെ സാംഗത്യം ഇതാണ്: നബി(സ) സൈദുബ്നു ഹാരിസക്കുവേണ്ടി സൈനബിനെ വിവാഹമാലോചിച്ചു ചെന്നു. അബൂത്വാലിബിന്റെ പുത്രി ഉമൈമയുടെയും ജഹ്ശിന്റെയും മകളാണ് സൈനബ്. ആഢ്യഗോത്രമായ ഖുറൈശികളിലെ നേതൃസ്ഥാനീയരായ അബൂത്വാലിബ് കുടുംബത്തിലെ സൈനബ്, സഅ്ലബ് ഗോത്രജനായ ഒരു വിമുക്ത അടിമയുടെ ഭാര്യയാകുന്നത് തങ്ങൾക്ക് കുറച്ചിലാണെന്ന് തോന്നിയ അവരും സഹോദരൻ അബ്ദുല്ലാഹിബ്നു ജഹ്ശും ആദ്യം ഈ വിവാഹാലോചന നിരസിച്ചു. സൈനബിനെ പ്രവാചകൻ തന്നെ വിവാഹം ചെയ്യണമെന്നായിരുന്നുവത്രെ അവരുടെ താൽപര്യം. ഈ സന്ദർഭത്തിലാണ് പ്രകൃതസൂക്തം അവതരിച്ചത്. തുടർന്ന് സൈനബും സഹോദരനും സൈദുമായുള്ള വിവാഹത്തിനു സമ്മതിക്കുകയും വിവാഹം നടക്കുകയും ചെയ്തു. ഇതാണ് ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി മിക്ക ചരിത്രകാരന്മാരും ഉദ്ധരിച്ചിട്ടുള്ള സംഭവം.

ഈ അവതരണ പശ്ചാത്തലത്തിൽനിന്ന് നാലു കാര്യങ്ങൾ വ്യക്തമാകുന്നു: 1) സൈദ് സൈനബിനെ വിവാഹം ചെയ്യണമെന്നത് അല്ലാഹുവിന്റെ വിധിയായിരുന്നു. പ്രവാചകന് അവരുടെ ബന്ധത്തിൽ പ്രത്യേക താൽപര്യമുണ്ടായിരുന്നുവെങ്കിലും അല്ലാഹുവിന്റെ അലംഘനീയമായ വിധി മൂലമാണ് സംഗതി നടന്നത്. ഗോത്ര ദുരഭിമാനവും ഉച്ചനീചത്വവും അവസാനിപ്പിച്ച് ഇസ്ലാം വിഭാവനം ചെയ്യുന്ന ഉദാത്തമായ മാനുഷിക സമത്വത്തിന്റെ സാക്ഷാത്കാരമായിരുന്നു ഈ വിധിയുടെ ലക്ഷ്യം. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണ്. അവരിൽ കാണപ്പെടുന്ന ഗോത്ര-സമുദായ വൈവിധ്യങ്ങൾ പരസ്പരം തിരിച്ചറിയാനുള്ള അടയാളങ്ങൾ മാത്രമാണ്. ഒരുവൻ മറ്റുള്ളവരേക്കാൾ മഹനീയനാകുന്നത് അവൻ മറ്റുള്ളവരേക്കാൾ കൂടുതൽ വിവരവും വിവേകവും ധർമനിഷ്ഠയുമുള്ളവനാകുമ്പോഴാണ് (49:13) ഈ വിഷയത്തിൽ സൈദ്-സൈനബ് വിവാഹം ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. പ്രവാചകന്റെ കാലത്ത് വേറെ ചില വിമുക്ത അടിമകളും ഖുറൈശി വനിതകളെ വിവാഹം ചെയ്യുകയുണ്ടായി. ബിലാൽ(റ) വിവാഹം ചെയ്തത് അബ്ദുർറഹ്മാനുബ്നു ഔഫിന്റെ സഹോദരിയെയാണ്. വലീദു ബ്നു ഉത്ബയുടെ മകൾ ഫാത്വിമയെ സാലിം മൗലാ അബൂഹുദൈഫ വിവാഹം ചെയ്തു. മിഖ്ദാദുബ്നു അസ്വദ് വിവാഹം ചെയ്തത് സുബൈറിന്റെ മകൾ ഫാത്വിമയെയാണ്. സൈദ് തന്നെ പിന്നീട് ഉഖ്ബതു ബ്നു അബീ മുഐത്വിന്റെ മകൾ ഉമ്മു കുൽസൂമിനെ വിവാഹം ചെയ്യുകയുണ്ടായി. 2) സൈദ്-സൈനബ് വിവാഹം നടന്നത് ഹിജ്റക്കു മുമ്പ്

മക്കയിലാണ്. അവരുടെ വിവാഹമോചനം നടന്നത് ഹിജ്‌റക്കു ശേഷം അഹ്സാബ് യുദ്ധത്തോടടുത്ത കാലത്തും. അവരുടെ ദാമ്പത്യബന്ധം ആറേഴു വർഷം നീണ്ടുനിന്നുവെന്നാണിതു സൂചിപ്പിക്കുന്നത്. 3) സൈനബും സഹോദരനും പ്രവാചകനുമായുള്ള വിവാഹബന്ധത്തിൽ തൽപരരാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നുവെങ്കിലും ഇല്ലെങ്കിലും അദ്ദേഹത്തിന് അവരിൽ ആ താൽപര്യമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ അത് നടത്തുന്നതിന് യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. സ്വയം മോഹിക്കുന്ന ഒരു സ്ത്രീയെ ആരും മകന്റെ വധുവായി തെരഞ്ഞെടുക്കുകയില്ലല്ലോ. 4) *അഹ്സാബ്* സൂറ മൊത്തത്തിൽ മദീനയിൽ അവതരിച്ചതാണെങ്കിലും അതിലെ ഈ സൂക്തം മക്കയിലാണവതരിച്ചത്. പിന്നീട് അഹ്സാബ് യുദ്ധത്തിനു ശേഷം നടന്ന പ്രവാചകൻ- സൈനബ് വിവാഹ ചർച്ചയുടെ മുഖവുരയായി അതിനെ ഇവിടെ നിബന്ധിക്കുകയായിരുന്നു. ●

وَإِذْ تَقُولُ لِلَّذِيٓ أَنْعَمَ ٱللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ أَمْسِكْ
عَلَيْكَ زَوْجَكَ وَٱتَّقِ ٱللَّهَ وَتُخْفِي فِي نَفْسِكَ مَا ٱللَّهُ
مُبْدِيهِ وَتَخْشَى ٱلنَّاسَ وَٱللَّهُ أَحَقُّ أَن تَخْشَىٰهُ فَلَمَّا قَضَىٰ
زَيْدٌ مِّنْهَا وَطَرًا زَوَّجْنَٰكَهَا لِكَيْ لَا يَكُونَ عَلَى ٱلْمُؤْمِنِينَ
حَرَجٌ فِيٓ أَزْوَٰجِ أَدْعِيَآئِهِمْ إِذَا قَضَوْا۟ مِنْهُنَّ وَطَرًا ۚ وَكَانَ أَمْرُ
ٱللَّهِ مَفْعُولًا ﴿٣٧﴾

37. പ്രവാചകാ, അല്ലാഹുവിന്റെയും നിന്റെയും ഔദാര്യഭാജനമായവനോട് നീ പറഞ്ഞുകൊണ്ടിരുന്നതോർക്കുക: ഭാര്യയുമായി നീ ദാമ്പത്യജീവിതം തുടരണം. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു വെളിപ്പെടുത്താനിരുന്ന കാര്യം അപ്പോൾ നീ മനസ്സിൽ പൂഴ്ത്തിവെക്കുകയായിരുന്നു. ജനങ്ങളെ പേടിക്കുകയായിരുന്നു നീ; പേടിക്കാൻ ഏറ്റവും അർഹനായിട്ടുള്ളത് അല്ലാഹുവാണെന്നിരിക്കെ. പിന്നെ സൈദ് ആ വനിതയുമായുള്ള ദാമ്പത്യജീവിതം അവസാനിപ്പിച്ചപ്പോൾ നാം അവളെ നിനക്ക് വിവാഹം ചെയ്തുതന്നു. ദത്തുപുത്ര വധുക്കളുടെ കാര്യത്തിൽ സത്യവിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടാവാതിരിക്കാനാണിത്; ദത്തുപുത്രന്മാർ ആ വനിതകളുമായുള്ള ദാമ്പത്യജീവിതം അവസാനിപ്പിച്ചാൽ. അല്ലാഹുവിന്റെ കൽപന നടപ്പിലാക്കേണ്ടതു തന്നെയായിരുന്നു.

**37**

وَإِذْ تَقُولُ = നീ പറയു(റഞ്ഞുകൊണ്ടിരു)ന്നത് ഓർക്കുക
لِلَّذِي أَنْعَمَ اللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ = അല്ലാഹു ഔദാര്യം ചെയ്തവനോടും നീ ഔദാര്യം ചെയ്തവനോടും (അല്ലാഹുവിന്റെയും നിന്റെയും ഔദാര്യഭാജനമായവനോട്)
أَمْسِكْ عَلَيْكَ زَوْجَكَ = നിന്റെ മേൽ നിന്റെ ഭാര്യയെ പിടിച്ചുവെക്കുക (നീ ഭാര്യയുമായി ദാമ്പത്യജീവിതം തുടരേണം)
وَاتَّقِ اللَّهَ = നീ അല്ലാഹുവിനെ ഭയപ്പെടുക
وَتُخْفِي فِي نَفْسِكَ = (അപ്പോൾ) നീ നിന്റെ മനസ്സിൽ മറയ്ക്കുന്നു (പൂഴ്ത്തിവെക്കുകയായിരുന്നു)
مَا اللَّهُ مُبْدِيهِ = അല്ലാഹു വെളിപ്പെടുത്തുന്നവനായതിനെ (അല്ലാഹു വെളിപ്പെടുത്താനിരുന്ന കാര്യം)
وَتَخْشَى النَّاسَ = നീ ജനങ്ങളെ പേടിക്കു(കയായിരു)ന്നു وَاللَّهُ = അല്ലാഹു ആണെന്നിരിക്കെ
أَحَقُّ = ഏറ്റവും അർഹൻ (അർഹനായിട്ടുള്ളത്) أَن تَخْشَاهُ = നീ പേടിക്കാൻ
فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا = (പിന്നെ) സൈദ് അവളിൽനിന്നുള്ള ആവശ്യം പൂർത്തിയാക്കിയപ്പോൾ (ആ വനിതയുമായുള്ള ദാമ്പത്യജീവിതം അവസാനിപ്പിച്ചപ്പോൾ)
زَوَّجْنَاكَهَا = നാം അവളെ നിനക്കു വിവാഹം ചെയ്തുതന്നു
لِكَيْ لَا يَكُونَ عَلَى الْمُؤْمِنِينَ حَرَجٌ = സത്യവിശ്വാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാവാതിരിക്കാൻ (ആണിത്)
فِي أَزْوَاجِ أَدْعِيَائِهِمْ = തങ്ങളുടെ ദത്തുപുത്രന്മാരുടെ ഭാര്യമാരിൽ
إِذَا قَضَوْا مِنْهُنَّ وَطَرًا = അവർ (ദത്തുപുത്രന്മാർ) അവരിൽനിന്ന് (ആ വനിതകളുമായി) ആവശ്യം പൂർത്തീകരിച്ചാൽ (ദാമ്പത്യജീവിതം അവസാനിപ്പിച്ചാൽ)
وَكَانَ أَمْرُ اللَّهِ = അല്ലാഹുവിന്റെ കൽപന ആയിരുന്നു مَفْعُولًا = ചെയ്യപ്പെടേണ്ടത് (നടപ്പിലാക്കപ്പെടേണ്ടതു തന്നെ)

ഇനി ചർച്ചാവിഷയം സംഗ്രഹിച്ചു പറയുകയാണ്. അല്ലാഹുവിന്റെയും നി(പ്രവാചക)ന്റെയും ഔദാര്യഭാജനം എന്നു വിശേഷിപ്പിക്കുന്നത് സൈദു ബ്നു ഹാരിസയെയാണ്. കൗമാരപ്രായത്തിലേ ദൈവദൂതന്റെ അടുത്തെത്താനും സത്യവിശ്വാസം കൈക്കൊള്ളാനും ഇസ്‌ലാമിന് മഹത്തായ സേവനങ്ങളർപ്പിക്കാനും ചില സന്ദർഭങ്ങളിൽ മദീനയിൽ പ്രവാചകന്റെ പ്രതിനിധിയായിരിക്കാനും നൽകിയ തൗഫീഖ്- ഉതവിയാണ് അല്ലാഹുവിന്റെ ഔദാര്യം. പ്രവാചകൻ നൽകിയ സ്നേഹവാത്സല്യങ്ങളും അടിമത്വമോചനവും ദത്തുപുത്ര പദവിയും സ്വന്തം പിതൃവ്യപുത്രിയുടെ മകളെ വിവാഹം ചെയ്തുകൊടുത്തുകൊണ്ട് സ്വകുടുംബത്തിൽ അംഗമാക്കിയതും പ്രവാചകന്റെ ഔദാര്യങ്ങളാണ്. മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വിലപ്പെട്ട അനുഗ്രഹമാണ് അല്ലാഹുവിന്റെയും റസൂലിന്റെയും ഔദാര്യഭാജനമാവുക എന്നത്. സൈദിനെ ഇങ്ങനെ വിശേഷിപ്പിച്ചതിന്റെ ധ്വനി ഇതാണ്: കപടന്മാർ ആരോപിക്കുന്നതുപോലെ നിന്ദ്യനും നീചനുമായ ഒരടിമയല്ല സൈദു ബ്നു ഹാരിസ. അദ്ദേഹത്തെപ്പോലൊരാളുടെ ഭാര്യയായിരിക്കുന്നത് അപമാനകരമാണെന്നോതി സൈനബിന്റെ ഗോത്രവികാരത്തെ വ്രണപ്പെടുത്താൻ ശ്രമിക്കുന്ന കപടവിശ്വാസികളുടെ നടപടി നികൃഷ്ടമാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും ഔദാര്യഭാജനം എന്ന അത്യുന്നത പദവിയുള്ള അന്തസ്സാർന്ന വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്.

ദൈവികകൽപന പ്രകാരം സൈദ്-സൈനബ് വിവാഹം യാഥാർഥ്യമായെങ്കിലും സൈനബിന്റെ ആഢ്യത്വബോധം ആ ദാമ്പത്യവുമായി ഇണങ്ങിയില്ല. ചിലപ്പോൾ സൈദിനോടുള്ള പെരുമാറ്റത്തിൽ അത് പ്രകടമാവുകയും ചെയ്തു. സൈനബ് തന്നെ തനിക്കിണങ്ങാത്തവനും തന്നിൽ താണവനുമായി കാണുന്നുവെന്നത് സൈദിനെ വല്ലാതെ വേദനിപ്പിച്ചു. അദ്ദേഹം ഇടക്കിടെ നബി(സ)യെ സമീപിച്ച് സൈനബിനെ വിവാഹമോചനം ചെയ്യാനുള്ള ആഗ്രഹമറിയിച്ചു. ഈ അഭ്യർഥന പലവട്ടം ആവർത്തിച്ചിട്ടുണ്ടെന്ന് സൂക്താരംഭത്തിൽ إِذْ قلت എന്നു പറയുന്നതിനു പകരം إِذْ تَقُولُ എന്നു പ്രയോഗിച്ചത് സൂചിപ്പിക്കുന്നതായി ഭാഷാഭിജ്ഞർ ചൂണ്ടിക്കാണിക്കുന്നു. അവരുടെ ചാരിത്ര്യത്തിലോ വിശ്വസ്തതയിലോ സംശയമുള്ളതുകൊണ്ടാണോ ഈ ആഗ്രഹം എന്നന്വേഷിച്ചപ്പോൾ സൈദ് പറഞ്ഞു; 'അങ്ങനെയൊന്നും ഒരിക്കലുമില്ല, പക്ഷേ അവരുടെ കവിഞ്ഞ ആഢ്യത്വബോധവും ഔദ്ധത്യവും എന്നെ വിഷമിപ്പിക്കുന്നു'. നബി(സ)പറഞ്ഞു: 'അത് നിന്റെ തോന്നലാണ്. അതിന്റെ പേരിൽ വിശ്വസ്തയായ ഭാര്യയെ ത്വലാഖ് ചെയ്തുകൂടാ. നീ അവരുമായി ദാമ്പത്യബന്ധം നിലനിർത്തണം. ത്വലാഖ് അല്ലാഹുവിന് തീരെ ഇഷ്ടമില്ലാത്ത കാര്യമാണ്. അതിനാൽ അല്ലാഹുവിനെ സൂക്ഷിക്കുക.' أَمْسِكْ عَلَيْكَ زَوْجَكَ -യുടെ ഭാഷാർഥം 'നിന്റെ ഭാര്യയെ നിന്റെ മേൽ പിടിച്ചുവെക്കുക' എന്നാണ്. ദാമ്പത്യബന്ധം നിലനിർത്തുക എന്ന അർഥത്തിലുള്ള പ്രയോഗമാണത്. മാന്യമായി ദാമ്പത്യജീവിതം നയിക്കുന്നതിന് إِمْسَاكٌ بِمَعْرُوفٍ (2:229) എന്നു പറഞ്ഞിട്ടുണ്ട്.

സൈദുമായുള്ള ദാമ്പത്യത്തിൽ അസ്വാരസ്യമുണ്ടായിരുന്നുവെങ്കിലും ആ ബന്ധം വേർപ്പെടുത്തണമെന്ന് സൈനബ് ആഗ്രഹിച്ചില്ല. സൈദിനോടോ പ്രവാചകനോടോ ത്വലാഖ് ആവശ്യപ്പെട്ടതുമില്ല. പ്രവാചകൻ കൂട്ടിച്ചേർത്ത ബന്ധം തുടരാൻ തന്നെയായിരുന്നു അവർക്ക് താൽപര്യം. സൈദ് ത്വലാഖ് അറിയിച്ചപ്പോൾ അവരിൽനിന്നുണ്ടായ പ്രതികരണം അത് സൂചിപ്പിക്കുന്നുണ്ട്. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ എന്നായിരുന്നു അത്. അഹിതങ്ങളുണ്ടാകുമ്പോൾ വിശ്വാസികൾ ഉരുവിടുന്ന പ്രാർഥനയാണത്. ആഗ്രഹിച്ചത് സംഭവിക്കുമ്പോൾ ഉരുവിടുന്ന പ്രാർഥന الْحَمْدُ لِلَّهِ എന്നാണ്.

സൈനബുമായുള്ള ദാമ്പത്യം തുടരാൻ സൈദിനോട് ഉപദേശിക്കുമ്പോഴും അത് ഏറെക്കാലം നിൽക്കുക പ്രയാസമാണെന്ന് പ്രവാചകനറിയാമായിരുന്നു. സൈദ് വിവാഹമോചനം ചെയ്താൽ അറ്റുപോകുന്നത് താൻ പ്രത്യേക താൽപര്യമെടുത്ത് കൂട്ടിയിണക്കിയ ഒരു ബന്ധമാണ്. അത് പെട്ടെന്ന് സമ്മതിച്ചുകൊടുക്കാൻ അദ്ദേഹത്തിനാവില്ലല്ലോ.

സൈദ് വിവാഹമോചനം ചെയ്താൽ സൈനബിന് അനുയോജ്യനായ മറ്റൊരു വരനെ കണ്ടെത്തുക എളുപ്പമല്ല. അടിമയാൽ ഉപേക്ഷിക്കപ്പെട്ടത് ഒരു ന്യൂനതയായി ആളുകൾ കണ്ടേക്കും. അപ്പോൾ പ്രവാചകൻ തന്നെ അവരെ വിവാഹം ചെയ്യേണ്ടി വരും. സൈദുമായുള്ള വിവാഹത്തിനു മുമ്പ് സൈനബ് അതാഗ്രഹിച്ചിരുന്നതുമാണ്. ഈ വിവാഹ വിവരം നേരത്തേ ദിവ്യസന്ദേശം വഴി പ്രവാചകൻ അറിയിക്കപ്പെട്ടിരുന്നുവെന്ന് നിവേദനമുണ്ട്. അതിനാൽ അത് പ്രയാസമുള്ള കാര്യമല്ല. പക്ഷേ അതിനെ തുടർന്ന് ഉയർന്നുവരാനിടയുള്ള വിവാദങ്ങളും അപവാദങ്ങളും തന്റെ വ്യക്തിത്വശുദ്ധിയെയും ധാർമിക പ്രതിബദ്ധതയെയും ഗുരുതരമായി ബാധിക്കുന്ന സങ്കീർണ പ്രശ്നങ്ങളാണ്. സൈദ്-സൈനബ് ദാമ്പത്യം തകരാതെ നിലനിന്നെങ്കിൽ എന്ന് തിരുമേനി ആഗ്രഹിച്ചു. ഈ വിചാരങ്ങളെക്കുറിച്ചാണ് وَتُخْفِي فِي نَفْسِكَ مَا اللَّهُ مُبْدِيهِ എന്നു പറഞ്ഞത്. സൈദിന്റെ വിവാഹമോചനവും പ്രവാചകൻ-സൈനബ് വിവാഹവും ലോകാപവാദവും അല്ലാഹു യഥാർഥ്യമാക്കുമെന്നാണ് اللَّهُ مُبْدِيهِ -യുടെ താൽപര്യം. وَتَخْشَى النَّاسَ എന്ന വാക്ക് ലോകാപവാദത്തെ പ്രവാചകൻ വല്ലാതെ ഭയപ്പെട്ടിരുന്നു എന്നു സൂചിപ്പിക്കുന്നു. ജനരോഷത്തേക്കാൾ പ്രവാചകൻ ഭയപ്പെടേണ്ടത് അല്ലാഹുവിന്റെ അപ്രീതിയാണ്. അല്ലാഹുവിന്റെ അപ്രീതിയെ അവഗണിച്ചുകൊണ്ട് ഒരിക്കലും ജനപ്രീതി പരിഗണിച്ചുകൂടാ. ധർമസംസ്ഥാപനത്തിന്റെ (اقامة الدّين) മാർഗത്തിലുയർന്നുവരുന്ന മതിൽക്കെട്ടുകളാണ് ബഹുജനങ്ങളോടുള്ള ഭയവും അവരുടെ വിശ്വാസങ്ങളോടും വികാരങ്ങളോടുമുള്ള വിധേയത്വവും. ദീനീവിഷയങ്ങളിൽ അല്ലാഹുവല്ലാത്ത ആരെയെങ്കിലും ഭയപ്പെടുകയോ ആരുടെയെങ്കിലും താൽപര്യങ്ങൾക്ക് വഴങ്ങുകയോ ചെയ്തുകൂടെന്ന് അല്ലാഹു എല്ലാ പ്രവാചകന്മാരെയും ഗൗരവപൂർവം ഉണർത്തിയിട്ടുണ്ട്. അസത്യത്തെയും അധർമത്തെയും അവയുടെ വൈതാളികരെയും നിർഭയം എതിരിട്ടതിന്റെ ചരിത്രമാണ് ഓരോ പ്രവാചകന്റെയും ജീവിതം. ആ ചരിത്രം എല്ലാ സത്യവിശ്വാസികൾക്കും വിശിഷ്ടമായ മാതൃകയാകുന്നു. ഈ ആശയം നേരത്തേ 1-3,7, വരുന്ന 38-39 സൂക്തങ്ങളിലും വിശദീകരിക്കുന്നുണ്ട്.

സൈദ്-സൈനബ് ദാമ്പത്യം അവസാനിച്ചപ്പോൾ അല്ലാഹുവിന്റെ കൽപനപ്രകാരം ആ വിധവയെ പ്രവാചകൻ വിവാഹം ചെയ്തുവെന്നാണ് فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا زَوَّجْنَاكَهَا എന്ന വാക്യത്തിന്റെ താൽപര്യം. ഇത് സൈനബിന്റെയോ പ്രവാചകന്റെയോ താൽപര്യമനുസരിച്ചല്ല, അല്ലാഹുവിന്റെ കൽപന പ്രകാരമാണ് നടന്നത് എന്ന് പ്രത്യേകം ഉണർത്താ

നാണ് زَوَّجْنَاكَهَا -നാം നിനക്ക് അവളെ വിവാഹം ചെയ്തു തന്നു- എന്ന വാക്ക് ഉപയോഗിച്ചത്. പ്രവാചകന്റെ താൽപര്യക്കുറവിനു കാരണം ലോകാപവാദ ഭയമായിരുന്നുവെന്ന് നേരത്തേ സൂചിപ്പിച്ചു. പ്രവാചകന്റെ ദൂതൻ വിവാഹവാഗ്ദാനവുമായി സമീപിച്ചപ്പോൾ ഉണ്ടായ പ്രതികരണം സൂചിപ്പിക്കുന്നത് സൈനബും അന്ന് അത് പ്രതീക്ഷിച്ചിരുന്നില്ല എന്നാണ്. ما انا بصانعة شيئا حتي أوامر ربّي (എന്റെ നാഥന്റെ ഹിതമറിയാതെ ഞാൻ ഒന്നും ചെയ്യില്ല) എന്നാണവർ പറഞ്ഞത്. എന്നിട്ടവർ പള്ളിയിൽ പോയി استخارة നടത്തി. നല്ലത് തെരഞ്ഞെടുക്കാനും തീരുമാനിക്കാനും ഉതവിയരുളേണമേ എന്ന് പ്രാർഥിച്ചുകൊണ്ട് നമസ്കരിക്കുകയാണ് استخارة. പിന്നെ ഈ സൂക്തം അവതരിക്കുകയും ചെയ്തു. അപ്പോഴവർ ആ വിവാഹ വാഗ്ദാനം സസന്തോഷം സ്വീകരിച്ചു.

മനുഷ്യന്റെ ഏതു തരം ആവശ്യത്തെയും താൽപര്യത്തെയും കുറിക്കാൻ ഉപയോഗിക്കുന്ന പദമാണ് وَطَرٌ. اوطار ആണതിന്റെ ബഹുവചനം. ആവശ്യങ്ങളോടും താൽപര്യങ്ങളോടുമൊപ്പം ബന്ധവും ആശ്രയവുമുണ്ടായിരിക്കും എന്ന ആശയത്തെ ആസ്പദമാക്കി വിവാഹബന്ധത്തെ കുറിക്കാനും وطر ഉപയോഗിക്കുന്നു. ഈ സന്ദർഭത്തിൽ وطر ഉപയോഗിച്ചിട്ടുള്ളത് സംയോഗം എന്ന അർഥത്തിലാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. فلما طلقها -അവളെ ത്വലാഖ് ചെയ്തപ്പോൾ- എന്നു പറയാതെ فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا എന്നു പറഞ്ഞത് സൈദിന്റെ ത്വലാഖും സൈനബിന്റെ ഇദ്ദാകാലവും കഴിഞ്ഞപ്പോൾ എന്ന അർഥമുൾക്കൊള്ളുന്നു എന്ന് ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീയെ ഇദ്ദാകാലം പൂർത്തിയാകുന്നതുവരെ മറ്റൊരാൾ വിവാഹം ചെയ്യാൻ പാടില്ലല്ലോ. സൈനബിന്റെ സഹോദരൻ അഹ്മദു ബ്നു ജഹ്ശ് ആണ് നബിയുമായുള്ള നികാഹ് നടത്തിക്കൊടുത്തത്. തിരുമേനി അവർക്ക് നാനൂറ് ദിർഹം മഹ്ർ നിശ്ചയിച്ചു. ഒരു സദ്യയും നടത്തി. ചിലയാളുകൾ زَوَّجْنَا -നാം വിവാഹം ചെയ്തുകൊടുത്തു- എന്ന വാക്യത്തെ സൈനബിന്റെ വിവാഹം നടന്നത് വാനലോകത്തു വെച്ചായിരുന്നുവെന്നും അതിന് വിവാഹമൂല്യം ആവശ്യമുണ്ടായിരുന്നില്ല എന്നും വ്യാഖ്യാനിച്ചിട്ടുള്ളത് അടിസ്ഥാനരഹിതമാണ്. സംഭവത്തിന്റെ നിജഃസ്ഥിതി ചരിത്രകാരൻ ഇബ്നു ഹിശാം വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. 'നിങ്ങളെയൊക്കെ പ്രവാചകന് വിവാഹം ചെയ്തുകൊടുത്തത് നിങ്ങളുടെ രക്ഷിതാക്കളാണ്. എന്നെ വിവാഹം ചെയ്തുകൊടുത്തത് സപ്തവാനങ്ങൾക്കു മുകളിൽവെച്ച് അല്ലാഹു നേരിട്ടാണ്' എന്ന് സൈനബ് മറ്റു പ്രവാചകപത്നിമാർക്കിടയിൽ ഊറ്റം കൊള്ളാറുണ്ടായിരുന്നതായി ഉദ്ധരിക്കപ്പെടുന്നുണ്ട്. അതായിരിക്കാം ഈ വ്യാഖ്യാനത്തിന് നിമിത്തമായത്. സൈനബ് അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ അതും അല്ലാഹുവിന്റെ നേരിട്ടുള്ള കൽപനപ്രകാരമാണ് പ്രവാചകൻ തന്നെ വിവാഹം ചെയ്തത് എന്ന അർഥത്തിലേ മനസ്സിലാക്കേണ്ടതുള്ളൂ.

لِكَيْ لَا ...... وَطَرًا എന്ന വാക്യം ഈ ദൈവിക നടപടിയുടെ ലക്ഷ്യം വ്യക്തമാക്കുകയാണ്. ദത്തുപുത്രൻ ഔരസപുത്രന്നും ദത്തുപുത്രഭാര്യ ഔരസപുത്രഭാര്യക്കും തുല്യരാണെന്ന ജാഹിലീ വിശ്വാസത്തിന്റെ നിഷേധവും ആ വിശ്വാസം മൂലം സത്യവിശ്വാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളൊഴിവാക്കുകയുമാണത്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു വിശ്വാസവും ആചാരവും ദൂരീകരിക്കപ്പെടാൻ, പ്രവാചകനെപ്പോലെ ആധികാരികമായ ഒരു വ്യക്തിത്വം തന്നെ അത് പ്രായോഗികമായി ലംഘിച്ചു തുടങ്ങേണ്ടതുണ്ട്. മുഹമ്മദ് നബി(സ)യാകട്ടെ അന്ത്യ പ്രവാചകനാണ്. അദ്ദേഹത്തിനുശേഷം ഇത്തരം കാര്യങ്ങൾ വിശദീകരിക്കാൻ മറ്റൊരു പ്രവാചകൻ വരാനില്ല. വിമുക്ത അടിമയുടെ ഭാര്യയായിരുന്നുവെന്നത് സ്ത്രീക്ക് ഒരു ന്യൂനതയാകുന്നില്ലെന്നും അപ്പോഴും പ്രവാചകന്റെ പത്നീപദത്തിലേക്കുവരെ ഉയരാൻ അവൾ യോഗ്യയാണെന്നും സമുദായത്തെ പഠിപ്പിക്കുകയും ഈ വിവാഹത്തിന്റെ ഉപലക്ഷ്യമായിരുന്നു.

പ്രവാചകൻ ഭയപ്പെട്ടതുപോലെ ഈ വിവാഹം ഇസ്ലാം വിരുദ്ധരും കപടവിശ്വാസികളും പ്രവാചകനെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കാനുള്ള സുവർണാവസരമാക്കി. അവർ പറഞ്ഞു: 'മുഹമ്മദ് തന്റെ പുത്രഭാര്യയെ മോഹിച്ചു. മോഹം കലശലായപ്പോൾ വധുവിനെ ഒഴിവാക്കാൻ പുത്രൻ സൈദിനെ നിർബന്ധിച്ചു. അയാൾ അതനുസരിക്കുകയും മുഹമ്മദ് ആ പെണ്ണിനെ വേൾക്കുകയും ചെയ്തു. എന്നാലോ മുഹമ്മദ് ഓതുന്ന ഖുർആൻതന്നെ, പുത്രൻ ഒരിക്കൽ വിവാഹം ചെയ്ത സ്ത്രീയെ പിന്നീട് പിതാവ് വേൾക്കുന്നത് നിരോധിക്കുന്നുമുണ്ട്. ഈ പ്രവാചകപുംഗവൻ മഹാമഹി തന്നെ!' ഇത്തരം ആക്ഷേപങ്ങളും അപലപനങ്ങളും ഒട്ടും വകവെക്കാതെ, ഈ അനാചാരം അല്ലാഹു ഉദ്ദേശിച്ച രീതിയിൽ ഉദ്ദേശിച്ച സമയത്ത് നിർമാർജനം ചെയ്യപ്പെട്ടിരിക്കുന്നു. ആളുകളുടെ ബഹളങ്ങളൊന്നും ഈ ദൈവിക പദ്ധതിയെ അൽപവും ബാധിച്ചിട്ടില്ല. ഇതാണ് وَكَانَ أَمْرُ اللَّهِ مَفْعُولًا എന്ന സമാപന വാക്യത്തിന്റെ സാരം.

മൂലത്തിലെ حَرَجٌ മൗലികമായ അർഥത്തിൽ വസ്തുക്കൾ കൂടിച്ചേർന്ന് കെട്ടുപിണഞ്ഞു കിടക്കുന്നതിനാൽ ഉള്ളിലേക്ക് കടക്കാൻ ബുദ്ധിമുട്ടാവുകയാണ്. ഇതിൽനിന്ന് ഇടുക്കം, സങ്കോചം സങ്കീർണത, തടസ്സം തുടങ്ങിയ പ്രയോഗാർഥങ്ങളുണ്ടായി. പ്രകൃതസൂക്തത്തിലെ حَرَجٌ-ന് ചില പണ്ഡിതന്മാർ നിരോധം എന്ന് അർഥം കൽപിക്കുകയും لِكَيْ لَا يَكُونَ حَرَجٌ -നെ 'ദത്തുപുത്രന്റെ വിധവയെ ദത്തുപിതാവ് വിവാഹം ചെയ്യുന്നതിന് ജാഹിലിയ്യത്തിൽ ഉണ്ടായിരുന്ന നിരോധം നീക്കം ചെയ്യുന്നതിനു വേണ്ടി' എന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു.

ഇതാണ് പ്രമുഖരായ മുഫസ്സിറുകൾ ഈ സൂക്തത്തിനു നൽകിയിട്ടുള്ള വ്യാഖ്യാനം. ചില പണ്ഡിതന്മാർക്ക് സാഹചര്യങ്ങളും വസ്തുതകളും മനസ്സിലാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. അവർ വേറെ പല തരത്തിലും ഈ സൂക്തത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ബഹുജനങ്ങൾക്കിടയിൽ ഉയർന്നുവരാറുള്ള ഗോസിപ്പുകളെ ചരിത്രവുമായി കൂട്ടിക്കുഴക്കുകയും അതനുസരിച്ച് സൂക്തം വ്യാഖ്യാനിക്കുകയുമാണവർ. അത് അന്നുയർന്ന അപവാദങ്ങൾ ചില മുസ്ലിംകളെയും അവരറിയാതെ സ്വാധീനിക്കാൻ വഴിയൊരുക്കി. പിൽക്കാലത്ത് ഓറിയന്റലിസ്റ്റുകൾ ഈ കള്ളക്കഥകൾ ഏറ്റവും വഷളായ രീതിയിൽ വികസിപ്പിച്ച് ഇസ്ലാമിനെ അടിക്കാനുള്ള നല്ലൊരു വടിയായി ഉപയോഗിച്ചുതുടങ്ങി. അങ്ങനെ അന്ന് നബി(സ) ഭയപ്പെട്ട അപവാദപ്രചാരണം അദ്ദേഹത്തിന്റെ വിയോഗശേഷം ഇന്നും നിർബാധം തുടരുകയാണ്. ●